# സൃഷ്ടി

little KITEs



കണ്ണശ്ശ സ്മാരക ഗവ. ഹയർ സെക്കണ്ടറി സ്കൂൾ

വളഞ്ഞവട്ടം- പി.ഒ, തിരുവല്ല, പത്തനംതിട്ട

ksghsskadapra08@gmail.com

LK/2018/37034



# ആശംസ

കുട്ടികളുടെ സർഗ്ഗവാസന തൊട്ടുണർത്തുന്ന ഡിജിറ്റൽ മാഗസിനായ സൃഷ്ടിക്കു വേണ്ടി പ്രവർത്തിച്ച എല്ലാ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്ക് ആശംസകൾ........

ഹെഡ്മിസ്ട്രസ്


LIBRARY & READING ROOM
SOCIAL SCIENCE LAB
TAEKWONDO
DISTRICT WINNERS
MATHEMATICS LAB
LANGUAGE LAB
AEROBICS
DISTRICT WINNERS
IT LAB & SMART CLASS ROOM
SCIENCE LAB
SPORTS AND GAMES
FARMING




യുദ്ധം തുലയട്ടെ.......
സമാധാനം പുലരട്ടെ......
HIROSHIMA AND NAGASAKI NEVER AGAIN
KSGHSS

## <u>ഔഷധത്തോട്ടം</u>



# ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ






appy









## എഡിറ്റോറിയൽ

ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ നടത്തിവരുന്ന 4775 സ്കൂളുകളിൽ ഒരുസ്കൂളാണ് കണ്ണശ്ശ സ്മാരക ഗവ. ഹയർസെക്കൻഡറി സ്കൂൾ.
വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഹൈടെക് ആകുന്ന ഈ കാലഘട്ടത്തിൽ കുട്ടികളെയും ആ പാതയിലൂടെ നയിക്കേണ്ടത് അനിവാര്യമാണ്.
കുട്ടികൾക്ക് നവീകരണത്തിന്റെ സാധ്യതകളും വ്യക്തിഗത പിന്തുണയും നല്കേണ്ടത് അധ്യാപകരുടെ
കടമയാണ്. പഠനത്തിനപ്പുറം കുട്ടികളുടെ കഴിവിനെ തൊട്ടുണർത്തിക്കൊണ്ടാണ് സൃഷ്ടിയുടെ ഉദയം.
കുട്ടികളുടെ വിരൽത്തുമ്പിൽ വിരിഞ്ഞ വരകൾ, കഥകൾ, കാര്യങ്ങൾ സൃഷ്ടിയിലൂടെ നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു.

**ഉള്ളടക്കം**

ഒരു നാടിന്റെ ഹൃദയത്തിലേക്ക്.....12
ചരിത്രം.....13
നിരണം-സാമൂഹിക,സാംസ്കാരിക പശ്ചാത്തലം.....16
സാഹിത്യം.....18
.....19
ഇന്നത്തെ എന്റെ നാട്.....19
മാതൃസ്നേഹവും പ്രകൃതി സ്നേഹവും.....21
സ്നേഹ സോദരിമാർ.....24
അച്ചടക്കം.....26
To The Home.....27
ഗണിതശാസ്ത്രത്തിൽ ഇന്ത്യയുടെ സംഭാവനകൾ.....28
പത്ര പാരായണം.....34
ശാസ്ത്രം.....35
വിദ്യഭ്യാസം.....36
പൂമരം.....37
വെള്ളം.....38
വെള്ളപ്പൊക്കം.....39
കുത്തിവര.....40
കൗൺസിലിംഗ് ക്ലാസ്.....48
ലഹരി വിരുദ്ധ ക്ലബ്.....49
നന്ദി.....50

## ഒരു നാടിന്റെ ഹൃദയത്തിലേക്ക്

ആമുഖം

വർഷത്ത്ിൽ ആറു മാസത്തോളം കായൽപരപ്പായി മാറുന്ന കുട്ടനാടൻ കരിനില പടിഞ്ഞാറൻ  കിഴക്ക് കുന്നിൽ നിന്നും കുന്നുകളിലേക്ക് ഉയർന്നുപോകുന്ന മലകൾ അതിൻ് മധ്യത്തിലാണ് ഇടനാടിന്റെയും മാലനാടിന്റെയും ചാരുത ഇഴുകിചേർന്ന് മാധുതിരുവിതാം കുറിന്റെ തൊടുകുറിയായി ശോഭികുന്ന തിരുവല്ല  എന്ന പട്ടണത്തിന്റെ അതിരായി നിലകൊള്ളുന്ന കടപ്ര എന്ന സ്ഥലം.ഈ ഭൂമി മലയാളസാഹിത്യനഭസിൽ ഒരു പുണ്യഭൂമിയാണ് . കടപ്പുറം ലോപിച്ച് കടപ്ര എന്നായിമാറി എന്ന് ഐതിഹ്യം . ചങ്ങനാശ്ശേരി ജിയോളജിക്ക മ്യൂസിയം രേഖകൽ ഇത് വ്യക്തമാക്കുന്നു .പുണ്യനദികളായ പബയും ,മണിമലയും ,അച്ചൻകൊവിലാറും സേവനം ചെയ്യുന്ന ഹരിതാഭയാർന്ന കാർഷക പ്രധാനമായ വിശലസമതലങ്ങ

അവിടെ നെല്ല്, കാരിമ്പ  , വാഴ,തെങ്ങ്, കുരുമുളക് , മുതലായവ സമൃദ്ദമായി വളരുന്നു

# ചരിത്രം

ആദ്ധ്യാത്മികതയുടെ പരിവേഷം അണിഞ്ഞ ആയിരത്താ കളുടെ പുരാവൃത്തങ്ങളും ചരിത്രവും ഇവിടെ

ഉറങ്ങിക്കിടക്കുന്നു . ഈ നാടിന് ചരിത്രപുരാതനമായ ഒരു സംസകാരം ഉണ്ടെന്നതിന് തിരുവല്ല

ശാസനത്തിൽ ഈ ഭാഗങ്ങളിലെ മഹാശിലാസ്മാരകങ്ങൾ സാക്ഷ്യം വഹിക്കുന്നു. തിരുവല്ല ഗ്രാമം തെക്കും കൂറിന്റെ രാജ്യാതിർത്തിയിൽ പെട്ടിരുന്ന പ്രധാന സംങ്കേതം

മന്നം,മതിപ്പുറം ,

എന്നിവിടങ്ങളായിരുന്നു.വളരെഅകലെ സ്ഥതി ചെയ്തിരുന്ന വാഴപ്പള്ളി ,മാന്നാർ ഉപഗ്രാമങ്ങളും

തിരുവല്ല ഗ്രാമത്തിൽ ഉൾപ്പെട്ടിരിക്കുന്നു.മുത്തൂർ ദേശത്തിന്റെ തെക്കുഭാഗങ്ങൾ

വിലക്കിമംഗലം ,വടക്കുഭാഗം തെക്കുംകൂറും ,കിഴക്കുഭാഗം ഇടപ്പള്ളി തമ്പുരാനും

ഭരിച്ചിരുന്നു. നെടുമ്പ്രത്ത് വൈക്കത്തില്ലത്തിൽ കൈമളും തലയാർകാരാഞ്ചേരിയും ദേശാധിപതികളായിരുന്ന കടപ്ര

,നിരണംപ്രദേശങ്ങൾ ചിറവായ്

സ്വരുപത്തിന്റെ അധിനതയിലായിരുന്നു .പിൻക്കാലത്ത് അവർ ആ അധികാരം കായംകുളത്തിന്

കൈമാറി കൊല്ലം 922)ംവർഷത്തിൽ വേണാട്ടു രാജാവായിരുന്ന അനിഴം തിരുനാൾ മാർത്താ വർമ്മ

തിരുവല്ല പിടിച്ചെടുത്തു . പത്തില്ലക്കാരിൽ പ്രധാനിയായിരുന്ന വിലക്കിലിംഗലത്തു നമ്പൂതിരി തിരുവല്ല അമ്പലത്തിന്റെ പരിസരത്ത് ഉ യിരുന്ന കോട്ടാരം ഇടിച്ചുനിരത്തി ഒറ്റരാത്രികൊ

അവിടെ കുളം തോ . ഇന്നും അമ്പലത്തിന്റെ പുറത്ത് വടക്കുകിഴക്കായി കാണുന്ന കുളം

അതാണ്.അപ്പോസ്തലനായ തൊമഗ്ഗിഹാ AD 52-നൊടടുത്ത് കപ്പലിറങ്ങി.

എന്നതാണ് ക്രിസ്തിയ വിശ്വാസം.

തൃക്കപാലേശ്വരം തൃപ്പെരുറ പരുമല പനയന്നാർ കാവ് മുതലായ ശിൽപവെലകൾ അന്യാദൃശ്യം ആണ്

തിരുവല്ല സെന്റ് ജോ സ് കത്തിഡ്രൻ വട്ടശ്രീകോവിലിന്റെ മേൽക്കര
വാഴപ്പള്ളിക്കിണ്ടി കാരക്കൽഉരുളി മാന്നാർക്കാണ്ണം നിരണം പെട്ടി ഇവ ഈ ഗ്രാമം

ശില്പികളുടെ പല ആരാധനാലയങ്ങളും കേരളിയവസ്തു ശില്പശൈലിയുടെ
അത്വംദാത്ത മാതൃകകാളണ് .

BC 57-ൽ സ്ഥാപിതമായതും തറ നിരപ്പിൽ നിന്നും 53 8\1 അടി ഉയരമുള്ളതുമായ തിരുവല്ല ക്ഷേത്രത്തിലെ
കരിങ്കൽ ധ്വജംപോലുള്ള ശില്പവേല മറ്റെങ്ങുമില്ല. തിരുവല്ല
ST.ജോണ്സ്കത്തീഡ്ധ്വലിന്റെ മേലൽക്കര കുമ്പൽ ആകൃതിയിൽ നിർമ്മിക്ക
പ്പെട്ടിരിക്കുന്ന അതിന്റെ ഉയരം 75 അടിയും തറയുടെ വിസ്തൃതി 11517
ചതുരശ്ര അടിയുമാണ്. പഴക്കം നിർണ്ണയിക്കുവാൻ പ്രയാസമായ പല
കലാരുപങ്ങളും ഈ നാടിന്റെ സംസ്കാരത്തെ സമ്പന്നമാക്കിയിട്ടുണ്ട്
അഗ്നിക്കിരയായിപ്പോയ തിരുവല്ല കുത്തമ്പലത്തിൽ കാളിയങ്കം നിരണം
കേരളത്തിലെതെന്നു മാത്രമല്ല ഭാരതത്തിലെ തന്നെ ഏറ്റവും പ്രാചീനമായ ഒരു
കൈസ്തവ കേന്ദ്രമാണ്. നിരണവും,പരുമലയും
പുണ്യസ്ഥലങ്ങളാണ്.ആയിരംആണ്ടുകളിലായി തിരുവല്ല ഗ്രാമത്തിലും
വിശിഷ്യ നിരണത്തും നിലനിന്നിരുന്ന മത സൗഹാർദ്ദത്തെ പല വിദേശ
ചരിത്രകാരമ്മരും പ്രകീർത്തിച്ചിട്ടുണ്ട് .ക്രിസ്തുമതത്തിന്റെ വളർച്ചയോടെ
നിരണത്തെ ഏറിയപങ്കും ബ്രാഹ്മർ ജന്മദേശം ഉപേശിച്ച് ചേറ്റുവായി
ക്ക്പ്പോയി തിരുവല്ലയിലും പ്രാന്തപ്രദേശങ്ങളിലും ബുദ്ധ-ജൈനമതങ്ങളും
നിർണ്ണായക സ്വാധീനം ഉണ്ടായിരുന്നു. ഇവിടെ ഇന്നുള്ള പല
ശാസ്താക്ഷേത്രങ്ങളും ഒരു കാലത്ത്
ബുദ്ധമതസങ്കേതങ്ങളായിരുന്നു.ഭദ്രകാളിക്കാവുകൾ ജൈന ധ്വാനസ്ഥലങ്ങ
ളായിരുന്ന .കേരളത്തിൽ ഇന്നോളം ലബ്ദമായതിൽ ഏറ്റവും പഴയ വാഴപ്പള്ളി
ശാസനവും മലയാളത്തിലെ ആദ്യത്തെ ഗദ്യഗ്രന്ഥമാണന്ന് ഇളംകുളം
വിശേഷിപ്പിച്ചിട്ടുണ്ട് .തിരുവല്ല ശാസനവും ശാസനകാലം 11-)ംനറ്റാണ്ടിന്റെ
ഉത്തരാർദ്ധവും ലിപി വട്ടെഴുത്ത്ഭാഷ പ്രാചിന മലയാളവുംതിരുവല്ല
ശാല,നിരണംശാല എന്നീ വിദ്യാകേന്ദ്രങ്ങളിൽ വേദങ്ങളും, ശാസ്ത്രങ്ങളും
ആയുധവിദ്യയും അഭ്യസിപ്പിച്ചിരുന്നു.

പല ആരാധനാലയങ്ങളും കേരളിയവസ്തു ശില്പശൈലിയുടെ അത്വംദാത്ത

മാതൃകകാളണ് .

BC 57-ൽ സ്ഥാപിതമായതും തറ നിരപ്പിൽ നിന്നും 53 8\1 അടി ഉയരമുള്ളതുമായ തിരുവല്ല ക്ഷേത്രത്തിലെ
കരിങ്കൽ ധ്വജംപോലുള്ള ശില്പവേല മറ്റെങ്ങുമില്ല. തിരുവല്ല ST.ജോണ്സ്കത്തീഡ്രലിന്റെ മേലൽക്കര കുമ്പൽ ആകൃതിയിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന അതിന്റെ ഉയരം 75 അടിയും തറയുടെ വിസ്തൃതി 11517 ചതുരശ്ര അടിയുമാണ്. പഴക്കം നിർണ്ണയിക്കുവാൻ പ്രയാസമായ പല കലാരൂപങ്ങളും ഈ നാടിന്റെ സംസ്കാരത്തെ സമ്പന്നമാക്കിയിട്ടുണ്ട് അഗ്നിക്കിരയായിപ്പോയ തിരുവല്ല കുത്തമ്പലത്തിൽ കാളിയങ്കം നിരണം കേരളത്തിലെതെന്നു മാത്രമല്ല ഭാരതത്തിലെ തന്നെ ഏറ്റവും പ്രാചീനമായ ഒരു കൈസ്തവ കേന്ദ്രമാണ്. നിരണവും,പരുമലയും പുണ്യസ്ഥലങ്ങളാണ്.ആയിരംആണ്ടുകളിലായി തിരുവല്ല ഗ്രാമത്തിലും വിശിഷ്യ നിരണത്തും നിലനിന്നിരുന്ന മത സൗഹാർദ്ദത്തെ പല വിദേശ ചരിത്രകാരന്മരും പ്രകീർത്തിച്ചിട്ടുണ്ട് .ക്രിസ്തുമതത്തിന്റെ വളർച്ചയോടെ നിരണത്തെ ഏറിയപങ്കും ബ്രാഹ്മർ ജന്മദേശം ഉപേശിച്ച് ചേറ്റുവായിക്ക്പ്പോയി തിരുവല്ലയിലും പ്രാന്തപ്രദേശങ്ങളിലും ബുദ്ധ-ജൈനമതങ്ങളും നിർണ്ണായക സ്വാധീനം ഉണ്ടായിരുന്നു. ഇവിടെ ഇന്നുള്ള പല ശാസ്താക്ഷേത്രങ്ങളും ഒരു കാലത്ത് ബുദ്ധമതസങ്കേതങ്ങളായിരുന്നു. ഭദ്രകാളിക്കാവുകൾ ജൈന ധ്യാനസ്ഥലങ്ങളായിരുന്നു . കേരളത്തിൽ ഇന്നോളം ലബ്ദമായതിൽ ഏറ്റവും പഴയ വാഴപ്പള്ളി ശാസനവും മലയാളത്തിലെ ആദ്യത്തെ ഗദ്യഗ്രന്ഥമാണന്ന് ഇളംകുളം വിശേഷിപ്പിച്ചിട്ടുണ്ട് .തിരുവല്ല ശാസനവും ശാസനകാലം 11-)ംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധവും ലിപി വട്ടെഴുത്ത്ഭാഷ പ്രാചിന മലയാളവുംതിരുവല്ല ശാല,നിരണംശാല എന്നീ വിദ്യാകേന്ദ്രങ്ങളിൽ വേദങ്ങളും, ശാസ്ത്രങ്ങളും ആയുധവിദ്യയും അഭ്യസിപ്പിച്ചിരുന്നു.

## നിരണം-സാമൂഹിക,സാംസ്കാരിക പശ്ചാത്തലം

"വാനുലകിനു സമമാകിയ നിരണം മഹാദേശേ"എന്ന് കണ്ണശ്ശമഹാകവി പാടി പുകഴത്തിയ നിരണം എന്ന കൊച്ചുഗ്രാമത്തിന് മഹത്തായ ഒരു പാരമ്പര്യവും,സംസ്കാരവും ഉണ്ട്. തിരുവിതാംകൂർ നാട്ടുരാജ്യമായിരുന്നപ്പോൾ കൊല്ലം ഡിവിഷനിലും കേരളസംസ്ഥാനം രൂപീകൃതമായപ്പോലൾ ആലപ്പുഴ ജില്ലയിലും ഇപ്പോൾ പത്തലംതിട്ട ജില്ലയിലുമായി സ്ഥിതിചെയുന്ന ഈ പ്രദേശം മതസൗഹാദ്ദത്തിന് മാതൃകയാണ് 20 ക്രൈസ്തവ ദേവാലയങ്ങളും28 ഹൈന്ദവ ക്ഷേത്രങ്ങളും രണ്ട് മുസ്ലിം ദേവാലയങ്ങളും ഈ ദേശത്ത് സ്ഥിതിചെയ്യുന്നുണ്ട്.അറേബ്യൻ കടലിൻ നിന്നും ഉയർന്നുവന്ന ഈ ഭൂപ്രദേശത്തെ ആദ്യജനപഥവും നിരണംതന്നെ ആയിരുന്നു.നിരണത്തിന് തൊട്ടടുത്ത കടപ്ര,നിരണത്തിന് വടക്ക് അഴിയിടത്തുചിറ എന്നീ സ്ഥലനാമങ്ങൾ നിറണം പശ്ചിമ തീരദേശമാണ് എന്നതിന് തെളിവാണ് .സെന്റെ തോമസ് പായ്ക്കപ്പലിൽ സഞ്ചരിച്ച് നിരണം വടക്കുംഭാഗത്ത് വന്നിറങ്ങിയതായി പറയുന്ന ആ കടവിന്"തോമത്ത്കടവ്"എന്ന പേര് ഇന്നും നിലനിൽക്കുന്നു.ഉത്തരഭാരതത്തിൽ ഹരപ്പ,മോഹൻജിദാരോ എന്നിവിടങ്ങളിൽ നിലന്നിരുന്ന പരിഷ്കൃത ജനസമൂഹത്തിൻറെ അത്രയും സംസ്കാരസമ്പത്തുള്ള ഒരു പ്രദേശമായിരുന്നു ഇത്.AD 400 വരെ ഇവിടെ ബുദ്ധമതവും ഉണ്ടായിരുന്നു.ഇവിടെ ഉണ്ടായിന്ന ഭൂവുടമ വ്യവസ്ഥ പരിശോധിക്കുമ്പോൾ ഭൂരിഭാഗവും ഭൂമിയുടേയും ഉടമകൾ ദേവസ്വങ്ങൾ ആയിരുന്നു എന്ന് മനസിലാക്കാം.ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരം , കാവിദേവസ്വം,ചെറുകോൽ കൊട്ടാരം,തൃക്കപാലീശ്വരം,മുന്നൂറ്റിമംഗലം ദേവസ്വം,എന്നിവ ദേവസ്വങ്ങളുടെ വകയായിരുന്നു.ദേവസ്വം ഭൂമികൾ കൃഷി ചെയ്ത് ഉപജിവനം നടത്തിയവരായിരുന്നു ഇവിടുത്തെ നിവാസികൾ. പമ്പാനദിയാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഈ പ്രദേശത്തിൻറെ സംസ്കാരം നദിതട സംസ്കാരമാകുന്നു.തൃക്കപാലീശ്വരം ക്ഷേത്രത്തിന് വടക്ക്ചാലക്ഷേത്രവും മൈതാനവും ചരിത്രാവശിഷ്ടമായി കാണാം.അക്കാലത്ത് നിലനിന്ന 'കുത്തുതറപ്പള്ളി'ഒരു പ്രസിദ്ധ കലാക്ഷേത്രമായിരുന്നു.ഇന്ന് ഇത്

തൃക്കപാലീശ്വരം ദേവസ്ഥാനാങ്ങളുടെ സംരക്ഷണത്തിലാണ്.

അതി പ്രാചിനമായ ആദിദ്രാവിഡ ഗോത്രസംസ്കാരം നിലനിന്നിരുന്ന പല പ്രദേശങ്ങളും ഇവിടെയുണ്ട് . അതിലൊന്നാണ് പരുമല ദ്രാവിഡ സംസ്കൃതിയുടെ കാലത്ത് പരുമലയിൽ വിഷ്ണുഭക്തരും ശൈശവഭക്തരും ഉണ്ടായിരുന്നു. വിഷ്ണുഭക്തർ കുറുമ്പേശ്വരം മഹാവിഷ്ണുക്ഷേത്രവും ശൈശവഭക്തർ തിരുവാർമംഗലം ശിവക്ഷേത്രവും നിർമ്മിച്ചു .എന്നാൽ വൈഷ്ണവശൈശവ സംഘട്ടനത്തിന്റെ ഫലമായി വലിയ പഠിപ്പുരകളോടും കൂടിയ ഈ രണ്ടു മഹാക്ഷേത്രങ്ങളും പരസ്പരം തീ വച്ചു നശിപ്പിച്ചു മറ്റൊരു പുരാതന സ്ഥലമാണ് നിരണത്ത് പട്ടമുക്ക് .ഭക്തമുനി തപസ്സുചെയ്ത സ്ഥലം ഭക്തമുക്ക് എന്നറിയപ്പെടുകയും പിന്നീട് ലോപിച്ച് പട്ടമുക്കായി തീരുകയും ചെയ്തു.

AD 52 ൽ മാർത്തോമ്മാ ശ്ലീഹാ കടപ്ര വളഞ്ഞവട്ടം പടിഞ്ഞാറ് തോമത്തുകടവിൽ പായ്ക്കപ്പൽ വന്നടുത്ത് നിരണത്തു വന്ന് പള്ളി സ്ഥാപിച്ചു. അതിവിസ്തൃതമായ നിരണം വലിയപള്ളി കടപ്ര പഞ്ചായത്തിലാണ് ചരിത്ര ബോധത്തിന്റെ കുറവുകൊണ്ട് ഈ സ്ഥലത്തിന് പ്രശസ്തികിട്ടാതെപ്പോയി ഇവിടെ വന്ന് ഇറങ്ങിയ ST.തോമസ് തെക്കോട്ട് സഞ്ചരിച്ച് തൃക്കപാലീശ്വരം ക്ഷേത്രത്തിനടുത്ത് എത്തി അവിടെ അതിശയങ്ങൾ പ്രവർത്തിച്ചു. അത് കണ്ടവർ ക്രിസ്തുമത വിശ്വാസികൾ ആയി.അവരിൽ കൂടുതലും ബ്രാഹ്മണരായിരുന്നു.അവിടെ ആരാധനയ്ക്കായി ഇന്നു നിരണം യരുശലേം മാർത്തോമ്മാ പള്ളി നിൽക്കുന്ന സ്ഥലത്ത് കുരിശ് സ്ഥാപിച്ചു .എന്നാൽ അവിടെ ഉണ്ടായാരുന്ന എതിരാളികൾ കുരിശു പിഴുത് കോലറയാറ്റിൽ എറിഞ്ഞതായി പറയുന്നു.എന്നാൽ ഇന്ന് ക്രൈസ്തവ ഭൂരിപക്ഷമുള്ള പ്രദേശമായി നിരണം മാറിയിട്ടുണ്ട്.കേരള ക്രൈസ്തവ സഭയുടെ ചരിത്രത്തിൽ നിരണത്തിന്റെ പ്രാധാന്യം ഒട്ടുംതന്നെ നിഷേധിക്കാനാവാത്തതാണ്.

ST.തോമസിനുശേഷം നിരണം മഹാദേശത്ത് വന്നുചേർന്ന മറ്റൊരു ദിവ്യനായിരുന്ന ഇസ്ലാം ഫക്കീറായിരുന്ന മാലിക്ക് ദിനാർ.മത-സൗഹാർദ്ദത്തിനു മകുടോദാഹരണമായി ഹൈന്ദവ ദേവാലയത്തിനു അഭിമുഖമായി ഒരു മുസ്ലീംപള്ളി സ്ഥാപിച്ചതും അദ്ദേഹമാണ്.ഈ പള്ളിക്ക് ഏകദേശം 900 വർഷത്തെ പഴക്കമുള്ളതായി കണക്കാക്കുന്നു. തിരുവിതാംകൂറിലെ നിവർത്തന പ്രക്ഷോഭത്തിലും ഇന്ത്യൻ സ്വാതന്ത്ര്യ

സമരചരിത്രത്തിലും ഇവിടുത്തുക്കാർ അമൂല്യമായ പങ്ക് വഹിച്ചിട്ടുണ്ട്.1958 ൽ മാറ്റത്തിന്റെ കാഹളം മുഴക്കികൊണ്ട് കാർഷിക മേഖലയിലെ തൊഴിലാളി വർഗം തങ്ങളുടെ മോചനത്തിനു വേണ്ടി നടത്തിയ ധീരോദ്ത്തമായ പോരാട്ടം ചരിത്രത്തിന്റെ ഭാഗമാണ്.

## സാഹിത്യം

ലീലാതിലക പ്രസിദ്ധമായ പാട്ടിനെ ചില ഭേദഗതികളോടെ അംഗീകരിച്ച നിരണം കൃതികൾ മലയാള കാവ്യഭാഷയുടെ പരിവർത്തിത ദിശയെ വ്യക്തമാക്കുന്നു.കണ്ണശ്ശ രാമായണം,കണ്ണശ്ശഭാഗവതം,കണ്ണശ്ശ ഭാരതം,ശിവരാത്രി മാഹാത്മ്യം,ഭാരതമാല,ഭാഷാഭഗവത്ഗീത എന്നീ കൃതികൾ രൂപത്തിലും ഭാഷയിലും പുലർത്തുന്ന സാദൃശ്യം മലയാള കവിതയുടെ ഒരു കാലഘട്ടത്തിലെ പ്രത്യേകതയായി കണക്കാക്കുന്നതിന് തെളിവുകൾ ആവശ്യമില്ല.

കേരള നവോത്ഥാന നായകകവികളിൽ പ്രഥമഗണനീയരായ കണ്ണശ്ശകവികൾ എഴുത്തച്ഛന്റെ മുൻഗാമികളാണിവർ.എഴുത്തച്ഛൻ ഗുരുതുല്യരായി പരിഗണിച്ചവർ ഇവരാണെന്നു പറയുന്നു.നിർഭാഗ്യമെന്നു പറയട്ടെ എഴുത്തച്ഛൻ,കുഞ്ചൻ നമ്പ്യാർ,ചെറുശ്ശേരി ഇവരോളം മലയാളികൾ കണ്ണശ്ശന്മാരെ കണക്കാക്കുന്നില്ല.എന്നിരുന്നാലും കണ്ണശ്ശകവികൾ കാവ്യരംഗത്തും അതിലൂടെ സാമൂഹിക കാഴ്ചപ്പാടിലും വരുത്തിയ മാറ്റങ്ങൾ നിർണ്ണായകമാണ്.

പതിനാലാം നൂറ്റാണ്ടിന്റെ അന്ത്യത്തോളം ജീവിച്ചിരുന്ന കണ്ണശ്ശ കവികൾക്ക് ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തോളം ഉചിതമായ ഒരു സ്മാരകം ഉണ്ടായിരുന്നില്ല. പുരോഗമനകലാസാഹിത്യസംഘം ആലപ്പുഴ ജില്ല കമ്മറ്റി 1981 ൽ നിരണത്ത് ഒരു കണ്ണശ്ശ സ്മാരക സമിതി രൂപികരിക്കുകയും കണ്ണശ്ശ സ്മാരകയായി കടപ്രയിലുള്ള ഗവ.ഹൈസ്കൂൾ നാമകരണം ചെയ്യപ്പെടണം എന്നുമുള്ള നിവേദനം അന്നത്തെ മുഖ്യമന്ത്രി ഇ.കെ നായനാർക്ക് നൽകുകയും ചെയ്തു,നിവേദനം പരിഗണിച്ച് സർക്കാർ സ്കൂളിന് കണ്ണശ്ശ സ്മാരക ഗവ.ഹൈസ്കൂൾ എന്നാക്കികൊണ്ടുള്ള ഉത്തരവ് ഇറക്കി.ആഗസ്റ്റ് 30 കണ്ണശ്ശ സ്മാരക ദിനമായി ആചരിക്കുന്നു. കണ്ണശ്ശ കൃതികളുമായി സഹൃദയരെ കൂടുതൽ അടുപ്പിക്കുന്നതിനായി സാംസ്കാരിക സമ്മേളനങ്ങൾ, സാഹിത്യ ക്ലാസുകൾ എന്നിവ നടത്തി വരുന്നു.

## ഇന്നത്തെ എന്റെ നാട്

സാമൂഹീകവും,സാംസ്കാരികവും വിദ്യാഭ്യസപരവുമായ രംഗങ്ങളിൽ ഈ പ്രദേശം അഭിവൃദ്ധിപ്രപിച്ച് കൊണ്ടിരിക്കുകയാണ് .അതുപോലെതന്നെ കാർഷികവ്യാവസായിക രംഗങ്ങിലും പല തരത്തിലുള്ള പുരോഗമപ്രവർത്തനങ്ങളും നടക്കുന്നു. ചെമ്പിലും,ഓടിലും ,കല്ലിലും വെള്ളിയിലും ,സ്വർണ്ണത്തിലും ചിത്രവേലകൾ ഉൾപ്പെടെ മനോഹരമായ പണി നടത്തുവാൻ കഴിവുള്ളവർ കൂടാതെ മനോഹരമായി വിഗ്രഹങ്ങളും കൊടിമരത്തിൽ സ്ഥാപിക്കുന്ന പാറകളും ഉണ്ടാക്കാൻ കഴിവുള്ളവർ ഈ പ്രദേശത്തുണ്ട് മൺപാത്ര നിർമ്മാണത്തിൽ വൈദഗ്ധ്യം നേടിയ ആളുകൾ ഈ പ്രദേശത്തുണ്ട് . മൺപാത്രനിർമ്മാണം വ്യാവസായികാ ടിസ്ഥാനത്തിൽ നടക്കുന്നു. ഓട്ടുകിണ്ണം ചേങ്കിലയും താമ്പാളവും വട്ടകയും ഓട്ടു പഴപ്പിച്ച് കല്ലിമേൽ വച്ച് കൂടം കൊണ്ടടിച്ച് പരത്തി വൃത്തിയാക്കി തീർക്കുന്നവരുടെ പരമ്പര തന്നെ ഈ പ്രദേശത്തുണ്ട് .

തെങ്ങും , നെല്ലും കൃഷിയോടൊപ്പം വ്യാവസായിക വിളയായ കരിമ്പും ഇവിടെ കൃഷിചെയ്തു വന്നിരുനന്നു. മുൻകാലങ്ങളിൽ മുറജപത്തിന് ശർക്കര വളഞ്ഞവട്ടത്തു നിന്നാണ് കൊണ്ടുപോയിരുന്നത് എന്ന് ചരിത്രവ്യാപകമായ കൃഷിയരടെയും ശർക്കര ഉത്പാദനത്തിന്റെയും നിലവാരം പരിഗണിച്ചാണ് നമ്മുടെ സംസ്ഥാനത്ത് ആദ്യ പഞ്ചസാര ഫാക്ടറി ഇവിടെ സ്ഥാപിച്ചത്. എന്നാൽ അസംസ്കൃത വസ്തുവായ കരിമ്പിന്റെ ദൗർലഭ്യം മൂലം ഈ ഫാക്ടറി നിന്നുപോയി. ഒരു സ്റ്റോബോർഡ് ഫാക്ടറി ഈ പ്രദേശത്തുണ്ട്. പരുമല കാളച്ചന്ത ഈ പ്രദേശത്തെ ഒരു വിപണന കേന്ദ്രമാണ്.

പണ്ട് കടപ്ര പ്രദേശം മുഴവൻ വെള്ളത്തിനടിയിലായിരുന്നു. പിന്നീട് നദികളിലൂടെ എക്കൽ വന്നടിഞ്ഞ് കുട്ടനാടൻ ചതുപ്പ് പ്രദേശം ഉണ്ടാകുകയും ചെയ്തു. അച്ചൻകോവിൽ, പമ്പ, മണിമല , മീനച്ചിൽ ആറുകളാൽ സമ്പന്നമായ പ്രദേശമാണിത്. പ മ്പാ നദിയുടെ കൈവഴിയായ കോലറയാറും ഒഴുകുന്നു.

കോവിലകങ്ങളെ സമൃദ്ധമാക്കിയതിനാലാണ് ഇതിന് കോലറയാർ എന്ന പേരു ലഭിച്ചത്. സർക്കാർ ആയുർവേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസെറി...എസ് എൻ നേഴ്സിംഗ് ഹോം, സെന്റ് ഗ്രിഗോറിയോസ് മിഷൻ ആശുപത്രിയും പ്രവർത്തിച്ച വരുന്നു.

പണ്ട് പെൺകുട്ടികൾക്കായി സ്ഥാപിച്ച സ്കൂളാണ് ഇന്നത്തെ കടപ്ര യു പി ജി സ്കൂൾ. ആലംതുരുത്തി സ്കൂൾ ഹൈസ്കൂളായി. ഇത് കണ്ണശ്ശസ്മാരക ഹൈസ്കൂളെന്ന് പുനർനാമകരണം ചെയ്തു പിന്നീട് ഹയർസെക്കന്ററി സ്കൂളായി. പണ്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ്മാനേജ്മെന്റ് ജൂനിയർ കോളേജായി ആരംഭിച്ച പരുമല ദേവസ്വംബോർഡ് പമ്പ കോളേജ് ഇപ്പോൾ ബിരുദാനന്തര കോഴ്സുള്ള കോളേജായി.

എല്ലാ മതങ്ങളുടേയും ഓരോ മതത്തിലെ പ്രത്യേക വിഭാഗങ്ങളുടെയും ആരാധനാലയങ്ങൾ അടുത്തടുത്ത് ഉയർന്നതും ഉരുമിയും കാണുന്നതുവഴി മതസഹിഷ്ണതയുടെയും സഹവർത്തിത്വത്തിന്റേയും പാരമ്പര്യം പൂർവികരുടെ കാലം മുതൽ തന്നെ ഇവിടെ നിന്നിരുന്നു എന്ന് മനസിലാക്കാം. പ്രഭാവർമ്മയെപ്പോലുള്ള നിരവധി ആളുകൾ നമ്മുടെ പ്രദേശത്തിന്റെ യശസ്സ് ഉയർത്തുന്നു.

## മാതൃസ്നേഹവും പ്രകൃതി സ്നേഹവും

സമയം 6 മണി.....സൂര്യന്റെ വെളിച്ചം ജനാലയുടെ അരികിലെത്തിയപ്പോഴാണ് കിരൺ ഉണർന്നത്.

"അമ്മേ.........ഒരു ചായ "കിരണിന്റെ അമ്മ ചായ കൊണ്ടു വന്നു. പക്ഷേ കിരൺ അപ്പോൾ ലാപ് ടോപ്പിന്റെ മുന്നിലായിരുന്നു.

"ദേ ....ഞാനെപ്പോഴും നിങ്ങളോട് പറഞ്ഞിട്ടുണ്ട്...വാതിലിൽ മുട്ടിയ ശേഷം മാത്രമേ മുറിക്കുള്ളിൽ കയറാമെന്ന്. പക്ഷേ നിങ്ങളത് കേൾക്കില്ല.

ഒരു മര്യാദ ഇല്ലാത്ത സാധനം....."

"പക്ഷേ മോനേ....ഞാൻ നിന്നെ ശല്യപ്പെടുത്തിയതല്ലല്ലോ....ഇനി അമ്മ അങ്ങനെ ഒന്നും ചെയ്യില്ല...." .ഹൃദയം തകരുന്ന വേദനയുമായി ആ അമ്മ പോയി.രാവിലെ തന്നെ കിരൺ കുളിച്ചൊരുങ്ങി വീട്ടിൽ നിന്നിറങ്ങി.

അമ്മ ചോദിച്ചു.. "മോനേ....നീ എവിടേയ്ക്കാ. ഒരു ജോലി ശരിയായിട്ടുണ്ട്. നീ ഇങ്ങനെ പാർട്ടി കളിച്ച് നടക്കരുത്.."

"പിന്നേ....നിങ്ങളുടെ ഈ ഉപദേശം ഒരു ചവിട്ടുകുട്ടയിൽ എറിഞ്ഞു തള്ളി ഞാൻ. ഇനി ഇത് എന്നോട് പറയാൻ വന്നേക്കരുത്. .."കിരൺ ദേഷ്യത്തോടെ പോയി. അതേ സമയം നഗരത്തിൽ ഒരു പ്രസംഗം നടക്കുകയായിരുന്നു. വെറും പ്രസംഗമല്ല. പാർട്ടി പ്രവർത്തകർ നഗരത്തിലെ തണൽമരമായ ഒരു മുത്തശ്ശിവൃക്ഷത്തെ വെട്ടാൻ ശ്രമിക്കുന്നു. അതിനെതിരെ പ്രകൃതിസ്നേഹികൾ നടത്തുന്ന പ്രസംഗം. ആ പാർട്ടി പ്രവർത്തകരിൽ കിരണും ഉണ്ടായിരുന്നു.

ഈ വൃക്ഷം തണൽ തരുന്നത്രേ. നമുക്കിത്തിരി കാറ്റ് കിട്ടണമെങ്കിൽ വീട്ടിലെ ഫാൻ ഉണ്ട്. ഈ ഉണക്ക വൃക്ഷത്തെ വെട്ടിമാറ്റുന്നതിൽ ഒരു കുറ്റവുമില്ല. ആർക്കും എതിർപ്പില്ല...പിന്നെ ഈ പ്രകൃതിസ്നേഹികളുടെ എതിർപ്പ് നമ്മളെന്തിനു പരിഗണിക്കണം......കിരൺ പറഞ്ഞു.

"മോനേ... ഈ വൃക്ഷം മൂലം എത്രയോ ജീവികൾക്ക് ആവാസ സ്ഥലം ലഭിച്ചു. പിന്നെ എത്രയോ വെയിലത്ത് കഠിനാധ്വാനം കഴിഞ്ഞ് വരുന്നവർക്ക് തണൽ ലഭിച്ചു. ഈ വൃക്ഷം തണലിന്റെ വൃക്ഷം മാത്രമല്ല. പ്രകൃതിയുടെ വരദാനമാണ്. ഇത് സ്നഹത്തിന്റെ അടയാളമാണ്...." ഒരു വൃദ്ധ പറഞ്ഞു.

എന്നാൽ ഇതോന്നും കേൾക്കാതെ പാർട്ടിക്കാർ അത് മുറിച്ചു. അതിന് നേതൃത്വം നൽകിയത് കിരൺ ആയിരുന്നു. പ്രകൃതിസ്നേഹികളുടെ സമരം വെറുതെയായി. അവിടെ കൂടി നിന്നവർ പരിഹസിച്ചു. അന്ന് വൈകിട്ട് കിരൺ വീട്ടിലെത്തി. അമ്മ അവനെ വഴക്കു പറഞ്ഞു. കിരൺ എതിർത്തു.

"നിങ്ങളെന്നെ ഉപദേശിക്കാൻ വരണ്ട. ഞാൻ എന്റെ ജീവിതം നോക്കിക്കോളാം. മാത്രമല്ല നിങ്ങളെ കാണുന്നതു തന്നെ എനിക്ക് ദേഷ്യമാണ്...എന്റെ സുഹൃത്തുക്കൾ വന്നാലും അവരുടെ മുന്നിൽ നിങ്ങൾ വരും. അതുകൊണ്ട് എന്റെ സുഹൃത്തുക്കളുടെ മുന്നിൽ ഞാൻ നാണം കെടും. നിങ്ങളെ എനിക്ക് കാണണ്ട...”

പിറ്റേ ദിവസം രാവിലെ കിരൺ വീട്ടിൽനിന്നിറങ്ങി. അവൻ നേരെ പോയത് കൂട്ടുകാരുടെ അടുത്തേക്കായിരുന്നു പക്ഷേ കുറച്ചു സമയം കഴിഞ്ഞപ്പോൾ കിരണിനെ അവർ അടിച്ചു വീഴ്ത്തി. കിരൺ അവശനായി നഗരത്തിലത്തി. അവിടെ ഒന്നിരിക്കാനോ ഇത്തിരി തണൽ കിട്ടാനോ ഒരു വൃക്ഷത്തിന്റെ കുറവ് അവനറിഞ്ഞു. ഞാൻ മൂലമാണ് ഈ വൃക്ഷം വെട്ടിയത്. ശരിയാണ് ഇതിന്റെതണൽമൂലം എത്രയോ പേർക്ക് ആശ്വാസമായിട്ടുണ്ട്. എത്രയോ ജീവികൾക്ക്... ഇന്ന് എനിക്ക് തണൽ തരാൻ ആ വൃക്ഷമില്ല. ഇന്ന് അതിൽ എനിക്ക് കുറ്റബോധം തോന്നുന്നു. അപ്പോഴാണ് ഒരാൾ വന്ന് കിരണിന്റെ അമ്മ ആശുപത്രിയിലാണെന്നു പറഞ്ഞത്. കിരൺ വേഗം ആശുപത്രിയിലെത്തി. അമ്മേ.....ഞാൻ ഇത്രയും നാളും ചെയ്തതിൽ എനിക്ക് കുറ്റബോധം തോന്നുന്നു. ഞാൻ ഇനി ഒരിക്കലും ഇങ്ങനെ ചെയ്യില്ല മാപ്പ്.. കിരൺ പറഞ്ഞു. ശരിയാണ് കിരൺ ..പക്ഷേ ഒരു മകന് സ്വന്തം പെറ്റമ്മയോട് സ്നേഹം ഉണ്ടായിരിക്കണം. ഒരു മനുഷ്യന് പ്രകൃതിയോട് സ്നേഹം ഉണ്ടായിരിക്കണം. ഭാരത്തിനോട് സ്നഹം ഉണ്ടായിരിക്കണം. നിനക്ക് അതില്ലായിരുന്നു. നഈ അക്രമത്തിനും തിന്മയിലൂടെയും സഞ്ചരിച്ചു. ഭാരത സംസ്കാരം നീ മറന്നു. നി നിന്റെ ജീവിതം തിന്മയ്ക്കായി നൽതി. മോനേ....സ്നേഹം ഉള്ളിടത്തേ വിജയം ഉണ്ടാകു. സ്നേഹം ഉണ്ടെങ്കിൽ അതിലും വലിയൊരു നന്മയില്ല. എല്ലാവരേയും സ്നേഹിക്കുക...ഭാരതത്തെ ,പ്രകൃതിയെ , അയൽക്കാരെ, പിന്നെ അമ്മയേയും. സ്നേഹമില്ലാതെ ജീവിക്കാൻ ആവില്ല മകനേ...അമ്മയുടെ വാക്കുകൾ കേട്ട് കിരൺ പൊട്ടിക്കരഞ്ഞു. ശരിയാണമ്മേ. സ്നേഹമില്ലാതെ ഒരിടത്തും വിജയം

ഉണ്ടാകില്ല. മനുഷ്യനന്മയ്ക്ക് യോജിചിചതേ ഞാൻ ചെയ്യൂ...ഞാൻ മൂലം മുറിച്ച വൃക്ഷത്തിനു പകരം ഞാൻ പത്ത് വൃക്ഷത്തൈകൾ നടും.. ഈ ഭൂമിയെ സംരക്ഷിക്കും..കിരൺ പറഞ്ഞതു കേട്ട് അമ്മയ്ക്ക് സന്തോഷമായി.

Akhila Anirudhan
10A

## സ്നേഹ സോദരിമാർ

ഒരിടത്ത് ഒരു ചെറിയ ഗ്രാമത്തിൽ ഒരു ചെറിയ വീട്ടിൽ രണ്ട് സഹോദരിമാരും അമ്മയും താമസിച്ചിരുന്നു.അമ്മതന്നെക്കൊണ്ടാവുന്നതുപോലെ തന്റെരണ്ടുമക്കളെയും സംരക്ഷിച്ചുപോന്നു. മക്കൾ വളരെ നല്ല സ്വഭാവമുള്ളവരായിരുന്നു. അവർവളരെ സ്നേഹമുള്ള സഹോദരിമാർ ആയിരുന്നു.ലോകത്തിനു തന്നെ മാതൃകയായിരുന്നു ആ മക്കൾ. അവർ സന്തോഷത്തോടെ ജീവിച്ചു പോരുന്നു. അവരുടെ പേരുകൾ നിങ്ങൾക്ക് അറിയേണ്ടേ.....ഒരാൾ ആര്യ. മറ്റെയാൾ ആതിര. അവർ വളരെ സ്നേഹമുള്ളവരായിരുന്നു. അവരുടെ സ്നേഹത്തിൽ ഇരുട്ടുപോലും പ്രകാശിക്കുമായിരുന്നു.പിന്നീട് ഒരിക്കൽ ഈ രണ്ടു സഹോദരിമാരുടെയും അമ്മയ്ക്ക് സുഖമില്ലാതായി. അവർ വളരെ പ്രയാസപ്പെട്ടു.അവർ അമ്മയെ നല്ലവണ്ണം സംരക്ഷിച്ചു. പക്ഷേ വിധി അവർക്കെതിരായി.ആര്യയുടെയും ആതിരയുടെയുംഅമ്മ മരിച്ചുപോയി.അവർ വളരെയധികം വേദനിച്ചു. അവരുടെ ഏകയാശ്രയമായിരുന്ന അമ്മ മരിച്ചുപോയത് അവരെ തളർത്തി. മൂത്ത മകളായ ആര്യക്കു ആധിയായി. തന്റെ ഇളയസഹോദരിയും താനും എന്തുചെയ്യണമെന്ന് അവൾ ചിന്തിക്കാൻ തുടങ്ങി.ആതിര ചെറിയ കുട്ടിയല്ലേ ....അവൾ വേദനിക്കാൻ പാടില്ല.

ആര്യ എല്ലാ ദിവസവും അതിരാവിലെ എഴുന്നേറ്റ് ആതിരക്കുള്ള എല്ലാം തന്നെ ശരയാക്കിവെച്ചു. ആതിര പറഞ്ഞു..” ഞാനും ചേച്ചിയുടെ കൂടെ നില്ക്കാം.....”

"വേണ്ട ..നീ പോയി സ്കൂളിൽ ഇരുന്ന് പഠിച്ചുനല്ല മാർക്ക് വാങ്ങണം.” ചേച്ചിയുടെകൂടെ നിൽക്കാൻ അവൾ വാശിപിടിച്ചു. ആര്യപക്ഷേ അവളുടെ കൈ പിടിച്ച് സ്കൂളിൽ എത്തിച്ചു. തന്റെ ചേച്ചിയെകുറിച്ചായിരുന്നു ആതിരയുടെ മനസ് മുഴുവൻ. പക്ഷേ ചേച്ചി പറഞ്ഞ വാക്കുകൾ ആതിരയെ പഠനത്തിൽ മുന്നിലാക്കി. അവൾ വളരെ നന്നായി പഠിച്ചു. ചേച്ചി അനുജത്തിയെ പഠിപ്പിക്കുന്നതിനായി അടുത്തുള്ളതയ്യൽകടയിൽ പോയി

തയ്യൽ പഠിച്ചു. തയ്യൽ പണി ചെയ്തു തുടങ്ങി. പക്ഷേ അവൾക്കു തുച്ഛമായ തുകആയിരുന്നു. എങ്കിലും അവൾ തന്റെ അനുജത്തിയ്ക്കായി മാറ്റി വെച്ചു. വളരെ പാടുപെട്ടു ആര്യ ആതിരയെ പഠിപ്പിച്ചു. ഞാനും ചേച്ചിയുടെ കൂടെ വരാമെന്ന് അനുജത്തി പറഞ്ഞുകൊണ്ടിരുന്നു. എന്നാലും ആര്യ പറയുന്ന മറുപടി ഇതാണ്..നീ വലുതായി പഠിച്ച് ജോലി വാങ്ങണം...ആ ചേച്ചിയെ വേദനിപ്പിക്കാതിരിക്കാൻ അവൾ ശ്രമിച്ചു. ആതിര പഠിച്ച് നല്ല ഉയർന്ന ജോലി കരസ്ഥമാക്കി. തന്റെ ജീവിതത്തിൽ ഇത്രയും ഉയർച്ച വന്നത് എങ്ങനെയെന്നു ചോദിച്ചാൽ തന്റെ ചേച്ചിയുടെ മഹത്വവും സ്നേഹവും പിന്നെ ദൈവവും .ജോലി കിട്ടി അവൾ ആദ്യം കാണാൻ പോയത് തന്റെ ചേച്ചിയുടെ അടുത്തേക്കാണ്. അവർ തമ്മിൽ കണ്ടപ്പോൾ വളരെ സന്തോഷമായി. തന്റെ ജീവിതത്തിന് ഇപ്പോൾ പൂർത്തി വന്നെന്നാണ് ചേച്ചി ആതിര വന്നപ്പോൾ പറഞ്ഞത്. അവർ ഏതു സന്ദർഭത്തിലും ഒരുമിച്ചു തന്നെ നിന്നു. അവരുടെ അമ്മ പറയുമായിരുന്നു ....വെട്ടിമുറിച്ചാലും ബന്ധം മുറിയരുതെന്ന്....അമ്മയുടെ വാക്കുകൾ അവർ പ്രാവർത്തികമാക്കി.

Aiswarya
9A

## അച്ചടക്കം

ഓരോ വ്യക്തിയുടെ ജീവിതവും അവൻ സമൂഹത്തിൽ പുലർത്തിപോരുന്ന രീതിയും അവൻ നന്നേ ചെറുപ്പം മുതൽ ശീലിക്കുന്ന അച്ചടക്കത്തിൽ കൂടിയും ചിട്ടയായ ജീവിത രീതിയിൽ കൂടിയും ആണ് കൈവരുന്നത്. ഒരു വ്യക്തിയുടെ സ്വഭാവ രൂപീകരണത്തിൽ അച്ചടക്കം വഹിക്കുന്ന പങ്ക് വളരെ ബൃഹത്താണ്. അതുകൊണ്ട് തന്നെ വളരെ ചെറുപ്പം മുതൽക്കേ നല്ല ചിട്ടയോടും അച്ചടക്കത്തോടും കൂടി പരിശീലിക്കേണ്ടതുണ്ട്. ചിട്ടയുള്ള അച്ചടക്കമുള്ള ജീവിതം നയികികുന്നതിന് നമ്മേ സഹായിക്കുന്ന ഒരു സമ്മേളന വേദിയാണ് വിദ്യാലയം. വീദ്യാലയവും അച്ചടക്കവും തമ്മിലുള്ളബന്ധം വളരെ വലുതാണ്. അറിവിന്റെ ദീപവുമാി കുട്ടിയുടെ കൈ പിടിച്ച് അന്ധകാരത്തിൽ നിന്നും പരകാശത്തിലേക്ക് നയിക്കുന്ന അധ്യാപകൻ അച്ചടക്കം ശീലിപ്പിക്കുന്നതിൽ വളരെ പങ്ക് വഹിക്കുന്നു.

അറിവിന്റെ ബാലപാഠങ്ങൾ തേടി നഴ്സറി ക്ലാസുകളിലെത്തുന്ന പിഞ്ചു കുഞ്ഞുങ്ങൾ മുതൽ വിദ്യാർത്ഥികളാണ്. നല്ലതേതെന്നുംചീത്തയേതെന്നും തിരിച്ചറിയാത്ത പിഞ്ചു കുഞ്ഞുങ്ങളെ നല്ലതും തിരിച്ചറിയാൻ സഹായിക്കുന്നതു വഴി അവന് സമൂഹത്തിൽ നല്ല ഒരു സ്ഥാനം നേടിക്കൊടുക്കാൻ അധ്യാപകനു കഴിയുന്നു. ഇങ്ങനെ കുഞ്ഞുംനാളിൽ കിട്ടുന്ന നല്ല ശീലങ്ങൾ അവൻ വലുതാകുമ്പോൾ അവനെ വളരെയേറെ സഹായിക്കുന്നു. ' ചുട്ടയിലെശീലം ചടലവരെ ' എന്നത് എത്രയോ ശരിയാണ്. എന്നാൽ ചിട്ടയുല്ലള അച്ചടക്കമുള്ള ഒരു വ്യക്തിയാകുവാൻ വളരെ ചെറുപ്പം മുതൽ ശീലിപ്പിച്ചല്ലെങ്കിൽ അവൻസമൂഹത്തിന് വളരെയേറെ ദോഷങ്ങൾവരുത്തി വെക്കുന്നു. ' കതിരിന്മേൽ വളം വയക്കുന്നതു ശരിയല്ല.' എന്നു പഴമക്കാർ പറയുന്നതു എത്രയോ ശരിാണ്.

വിദ്യാലയത്തിൽ നിന്നു കിട്ടുന്ന ചിട്ടയയതും അച്ചടക്കത്തോടു കൂടിയതുമായ പരിശീലനം നല്ല രീതിയിൽ തുടര്ന്നു കൊണ്ടു പോകാൻ നമ്മുടെ അച്ഛനമ്മമാറ് ശ്രദ്ധിക്കേണ്ടതുണ്ട്. അച്ചടക്കവും ചിട്ടയും നല്ല സ്വഭാവവുമുള്ള ഒരു വ്യക്തിയേ മാത്രമേ സമൂഹം അംഗീകരിക്കുള്ളു.

വിദ്യാലയങ്ങൾ മാത്രമല്ല , കുടുംബവും സമൂഹവും കുട്ടികളിൽ അച്ചടക്കശീലം വളർത്തുവാൻ സഹായിക്കുന്നു. നല്ല ചിട്ടയുള്ള അച്ചടക്കമുള്ള ഒരുവ്യക്തിയാ◌ി

എല്ലാവരും ജീവിക്കുക.

Sijimol
10A

# To The Home

I am waiting here to see,
who will get a chance.
She is waiting for me
with my beautiful flowers.
Chattering always flattering always
And crying with delight to see me.
Dancing playing singing always
And joyous enhance to sleep with me.
I am urging to see my beauty
And pouring flowers in handful.
.
Can I get away my duty?
But I can hearten in it full
Hoping shelter to sweat out,
when sweating in the sunny days.
Searching blanket to chilly out
when shivering in the windy days.
Cursing loneliness in my cell
But, Thank God! Helping to save my Country
While feeling monotonous in my cell
Oh! Roin, sing again and again near the entry.
At last a chance I got,
And I flew to my nest.
Saw, holding bear that I bought,
My younger naughty on her bust.

A staff

## ഗണിതശാസ്ത്രത്തിൽ ഇന്ത്യയുടെ സംഭാവനകൾ

## ആമുഖം

ശാസ്ത്രങ്ങളുടെ ശാസ്ത്രം , ശാസ്ത്രങ്ങളുടെ റാണി, എന്നീ വിശേഷണങ്ങളിൾ അറിയപ്പെടുന്ന ഗണിത ശാസ്ത്രം പ്രപഞ്ചത്തിലെ എല്ലാ പ്രതിഭാസങ്ങളിലും കാണപ്പെടുന്ന വിഷയമാണ്. ഏതു വിഷയത്തിന്റെയും വളർച്ചയ്ക്ക് ഗണിതശാസ്ത്രം മുഖ്യമായ പങ്ക് വഹിക്കുന്നു. ശാസ്ത്രവിഷയങ്ങളിൽ മാത്രമല്ല , എല്ലാ വജ്ഞാനശാഖകളിലും ഗണിതത്തിന് പ്രമുഖമായ സ്ഥാനമുണ്ട്. ഗണിത ക്രിയകളുടെ സങ്കീർണ്ണത മാറ്റി ലളിതമായി ഗണിതം കൈകാര്യം ചെയ്യാൻ വേദഗണിത രീതി സഹായിക്കുന്നു.

ബി സി ആറാം നൂറ്റാണ്ടിന് മുമ്പ് തന്നെ ഭാരതിയ ഗണിതശാസ്ത്രം വളരെയേറെ പുരോഗതി പ്രപിച്ചിരുന്നു. സൂല്യസൂത്രങ്ങൾ എന്ന ക്ഷേത്രഗണിത ഗ്രന്ഥഹങ്ങൾ എഴുതപ്പെട്ടത് ഇക്കാലത്താണ് .ഭാരതീയ ഋഷിമാർ ക്ഷേത്രഗണിതത്തെ സംബന്ധിച്ച സിദ്ധാന്തങ്ങൾ പ്രതിപാദിച്ചിുന്ന ഗ്രന്ഥങ്ങളാണ് ഋഗ്വേദസംഹിത, തൈത്തരീയബ്രാഹ്മണം തുടങ്ങിയ അതിപുരാതന ഗ്രന്ഥങ്ങൾ. പല ജ്യാമിതീയ രൂപങ്ങളെക്കുറിചിചും അവയുടെ നിർമ്മിതിയെക്കുറിച്ചുമെല്ലാം ഇതിൽ പ്രദിപാദിക്കുന്നു. വ്യത്യസ്തമായൊരു സമീപനത്തോടെ യൂക്ലിഡ് പിൽക്കലത്ത് ഇവ വിശദീകരിക്കുന്നുണ്ട്.ജൈന മതത്തിന്റെ ആവിർഭാവവും ഗണിതപഠനത്തെ പ്രോത്സാഹിപ്പിച്ചു. ലോകമെമ്പാടും ഒരുപോലെ അംഗികരിച്ചിരിക്കുന്ന സംഖ്യാലേഖനരീതി അറബി അക്കങ്ങൾ എന്നാണ് അറിയപ്പെടുന്നത് എങ്കിലും അവ ഭാരതത്തിൽ നിന്നും അറബികൾ മനസിലാക്കിയതാണ്. പത്തുചിഹ്നങ്ങൾ കൊണ്ട് എത്ര വലുതും ചെറുതുമായ സംഖ്യകളെ രേഖപ്പെടുത്തുവാൻ ഈ രീതിയിലൂടെ സാധിക്കുന്നു. അങ്കഗണിത ക്രിയകൾ, ഭിന്നകങ്ങൾ, കരണികൾ, പൈതഗോറസിന്റെ

പ്രമാണം ,ദ്വിമാന സമവാക്യങ്ങൾ തുടങ്ങി ഗണിതത്തിന്റെ സമസ്ത മേഖലകളിലും ഭാരതീയഗണിതശാസ്ത്രം സംഭാവനകൾ നൽകിയിട്ടുണ്ട്. പുരാതനഭാരതീയർക്ക് വളരെ വലിയ സംഖ്യകളെ ക്കുറിച്ച് ഗ്രഹ്യമുണ്ടായിരുന്നു എന്ന് പഞ്ചവിംശബ്രഹ്മണത്തിലെ ഖണ്ഡിക സൂചിപ്പിക്കുന്നു.

പത്തിന്റെ പന്ത്രണ്ടു വരെയുള്ള ഘാതങ്ങൾക്ക് പ്രത്യേക പേരുകൾ തൈത്തരീയ സംഹിതയിൽ നൽകിയിട്ടുള്ളത് , ഭാരതീയഗണിതത്തിന്റെ വ്യാപ്തിയെ കുറിയക്കുന്നു. ഇന്നു പ്രചാരത്തിലുള്ള അന്താരാക്ഷ്ട്ര സംഖ്യാസംപ്രദായം പ്രചീനഭാരത്ത്ിൽ രൂപം കൊണ്ടതും അറബികൾ പശ്ചിമ രാജ്യത്തിലേക്ക് പ്രചരിപ്പിച്ചതാണെന്നും കരുതപ്പെടുന്നു. ഭാരതീയരുടെ ഏറ്റവും മഹത്തായ ഗണിതനേട്ടം പൂജ്യത്തിന്റെ കണ്ടുപിടിത്തമാണ്. സംഖ്യാശ്രുണികളെ കുറിച്ചും ഇവ ഉപയോഗിച്ചുള്ള പ്രായോഗിക പ്രശ്നങ്ങളെ കുറിച്ചും പല ഭാരതുയ ഗ്രന്ഥങ്ങളിലും പരാമർശിക്കുന്നുണ്ട്.എ ഡി എണ്ണൂറിലാണ് ഭാരതീയ ഗണിതം ബാഗ്ദാദിൽ എത്തിച്ചേരുന്നത്.ഇവർ ഭാരതീയ ഗണിതവും ഗ്രീക്ക് ഗണിതവും അറബിയിലേക്ക് തർജ്ജിമ ചെയ്തു.

**<u>ആര്യഭടൻ</u>**

പ്രയത്നവും നിരുക്ഷണവുമാണ് ഗണിതശാസ്ത്രത്തിന്റെ കാതൽ. ആര്യഭടന്റെ പ്രയത്നം ഇവിടെ പ്രത്യകം സ്മരിക്കുന്നു.
കേവലം 16 വയസുള്ളപ്പോൾ വിജ്ഞാന ദാഹവുമായി ബീഹാറിലെ പാടലീക്ഷേത്രത്തിലെ ജൈനതത്ത്വജ്ഞാനിയായ ഉമസ്വാമിയുടെ പാഠശാലയിലേക്ക് നഗ്നപാദനായി കേരളത്തിൽ നിന്ന് അദ്ദേഹം നടന്നെത്തിയത്. മാത്രല്ല നമുക്ക് ഊഹിക്കാൻപോലും പറ്റാത്ത പ്രായത്തിൽ , 23-ാം വയസ്സിൽ അദ്ദേഹം ആര്യഭടീയം എന്ന പ്രാമാണിക ഗ്രന്ഥം രചിച്ചു. ലോകമെമ്പാചുമുള്ള ഭാഷകളിലേക്ക് തർജ്ജിമ ചെയ്യപ്പെട്ട ഈ ഗ്രന്ഥത്തിന്റെ പരിഭാഷ കണ്ട് പാശ്ചാത്യഗണിതശാസ്ത്രജ്ഞർ അത്ഭുതപ്പെട്ടു. പുരാതനഭാരതത്തിലെ മികച്ച ഗണിതശാസ്ത്രജ്ഞനും ജ്യോതിശാസ്ത്രജ്ഞനും ആയിരുന്നു ആര്യഭടൻ. ആര്യഭടിയം എന്ന ഗ്രന്ഥത്തിലൂടെ ആര്യഭടൻ

ജ്യോതിശാസ്ത്രത്തിന്റെയും ഗണിതശാസ്ത്രത്തിന്റെയും ഒരുപുതിയ ശാഖ അനാവരണം ചെയ്തു. ബീജഗണിത സംബന്ധമായ പല കണ്ടെത്തലുകൾ ആര്യഭടീയം എന്ന പ്രമാണ ഗ്രന്ഥത്തിൽ 121 ശ്ലോകങ്ങളിലാണ്. 4 അധ്യായം. 1-ാം ശീതികാപാഠം ജ്യോതിശാസ്ത്രകണക്ക്, 2-ാം ഗണിതപാഠംശുദ്ധഗണിതം . 3-ാം കാലക്രിയാപാഠം സൈദ്ധാന്തികജ്യോതിശാസ്ത്രം , ഇതിൽ കാലനിർണ്ണയമാണ് വിഷയം. കാലചക്രം, സൗരവർഷം, ചന്ദ്രമാസം, നക്ഷത്രദിനം, ചന്ദ്രദിനങ്ങൾ, ഗ്രഹങ്ങളുടെ ചലനക്രമങ്ങൾ, ഭൂമിയിൽനിന്നും ഗ്രഹങ്ങളിലേക്കുള്ള അകലം. 4-ാം ഗോളപാഠം ആകാശങ്ങളെക്കുറിച്ച്. പൈയുടെ വില 4 ദശാംശസ്ഥാനങ്ങൾക്ക് തുല്യമായ 3.1416 എന്ന്ആദ്യമായി കണക്കാക്കി. ത്രികോണമിതിയിൽ അകാധപാണ്ഡിത്യം ഉണ്ടായിരുന്നു. ഇദ്ദേഹം കോണുകളുടെ ത്രികോണമിതീയ അംശബന്ധങ്ങൾ കാണാനുള്ള വിധികൾ ആവിഷ്കരിച്ചു. ഭൂമി സ്വയം അതിന്റെ അച്ചുതണ്ടിൽ കറങ്ങികൊണ്ടിരിക്കുകയാണെന്ന് സിദ്ധാന്തിച്ചു. ഗ്രഹങ്ങളുടെ ശരിയായ സ്ഥാനം പുതിയ ഗണിത രീതിയിലൂടെ ആവിഷ്കരിച്ചു. ബീജഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്ന രീതിയാണ് ആര്യഭട സിദ്ധാന്തം എന്ന കൃതി. ഭൂമിയുടെ ചുറ്റളവ് 25080 മൈൽ നാഴികയെ രേഖപ്പെടുത്തി. ഭാരതീയ ജ്യോതിശാസ്ത്രത്തിന്റെ സ്ഥാപകനായ കരുതപ്പെടുന്ന ഇദ്ദേഹത്തിന്റെ പേരാണ് ആദ്യത്തെ ഇന്ത്യൻ ഉപഗ്രഹമായ ആര്യഭട്ടയ്ക്ക് നൽകിയത്. ഭാരതത്തിൽ പ്രചാരത്തിലുള്ള പഞ്ചാംഗം ആര്യഭടീയത്തെ ആധാരമാക്കിയാണ്.

**ബ്രഹ്മദത്തൻ**

യുക്തിഭാഷയെന്ന ആധികാരിക ഗ്രന്ഥം തന്നെയാണ് ബ്രഹ്മദത്തന്റെ ഗണിതശാസ്ത്ര സംഭവന. മലയാളത്തിൽ എഴുതപ്പെട്ട ആദ്യത്തെ ഗണിതശാസ്ത്രഗ്രന്ഥമാണ് യുക്തിഭാഷ. ശുദ്ധമലയാളത്തിൽ സരളമധുരമായി ഗണിതയുക്തികൾ അവതരിപ്പിച്ചു. കേരളീയ ഗണിതശാസ്ത്രത്തിന്റെ വികാസത്തെപ്പറ്റിയും ശാസ്ത്ര വിഷയങ്ങൾ മലയാളത്തിൽ കൈകാര്യം ചെയ്യുന്നതെങ്ങനെ എന്നതിനെ കുറിച്ചും നല്ല മാർഗ ദർശനം നൽകുന്നു. ഈ ഗ്രന്ഥം ഒരു പ്രാചീന മലയാള ഗണിതശാസ്ത്രഗ്രന്ഥം എന്ന നിലയിൽ ഇന്നും പരിലസിക്കുന്നു. യുക്തിഭാഷ എന്ന ഗ്രന്ഥം രണ്ട്ഭാഗങ്ങളായി

വിഭജിക്കപ്പെട്ടിരിക്കുന്നു. ഒന്നാം ഭാഗത്തിൽ ശുദ്ധഗണിത സിദ്ധാന്തങ്ങളും. രണ്ടാം ഭഗത്തിൽ ജ്യോതിശാസ്ത്ര സിദ്ധാന്തങ്ങളും ചർച്ച ചെയ്യുന്നു. ഒന്നാം ഭാഗത്തിൽ ഏഴ് അദ്ധ്യായങ്ങളുണ്ട്. ഇതിൽ തന്നെ 1ാം അദ്ധ്യായത്തിൽ ഏകമാന സമവാക്യങ്ങളുടെ നിർദ്ധാരണങ്ങളെപ്പറ്റിയും 3-ാം അദ്ധ്യായത്തിൽ ഭിന്നസംഖ്യകളുമായി ബന്ധപ്പെട്ട ക്രിയാരീതിയെ പറ്റിയും വിവരിക്കുന്നു. സംഖ്യകൾ, ബീജഗണിത വാചകങ്ങൾ, ത്രികോണമിതി, അനന്ത ശ്രേണികൾ, വൃത്തപരിധി, വ്യാസം ഇങ്ങനെ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

**<u>ശുൽബസൂത്രങ്ങൾ</u>**

യാഗവേദികൾ പണിയുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്ന ശുൽബസൂത്രങ്ങൾ അടിസ്ഥാനപരമായി ജ്യാമിതി തന്നെയാണ്.പൈതഗോറസ് സിദ്ധാന്തം എന്നറിയപ്പെടുന്ന വികർണ്ണത്തിന്റെ വർഗത്തെപ്പറ്റി ശുൽബസീത്രങ്ങളിൽ പലതിലും പ്രതിപാദനമുണ്ട്.പൈയുടെ ഏകദേശവിലയും ഭാരതീയർ മനസിലാക്കിയിരുന്നു എന്ന് പുരാതനഗ്രന്ഥങ്ങൾ സൂചിപ്പിക്കുന്നു.

**<u>പി.സി.മഹലനോബിസ്</u>**

ഇന്ത്യൻ ഗണിതശാസ്ത്രത്തിന്റെ പിതാവായി ഗണിക്കപ്പെടുന്നു. പി.സി. മഹലനോബിസ്.statistics എന്ന ഗണിതശാസ്ത്രവിഭാഗത്തിന്റെ വളർച്ചയിൽ ഗണ്യമായ സംഭാവന നൽകിയ വ്യക്തിയാണ് ഇദ്ദേഹം. 1933 ൽ ഇന്ത്യയിലെ ആദ്യത്തെ സ്റ്റാറ്റിസ്റ്റിക്സ് ജേർണലായ സംഖ്യ പ്രസിദ്ധീകരിച്ചതിൽ ഇദ്ദേഹംഎഡിറ്റർ ആയിരുന്നു. കാർഷിക രംഗത്ത് സ്റ്റാറ്റിസ്റ്റിക്സ് ചെയ്യാൻ കഴിയുന്ന വിധത്തിൽ ആശയങ്ങൾ പ്രയോഗത്തിൽ കൊണ്ടു വരാൻ നിരവധി ലേഖനങ്ങൾ എഴുതുകയുണ്ടായി. ഐക്യരാഷ്ട്രസഭയുടെ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെയും സ്റ്റാറ്റിസ്റ്റിക്കൽ സാംപ്ലിംഗ് സബ് കമ്മിറ്റിയുടെയും ചെയർമാനായിരുന്നു. 1945 ൽ ഇംഗ്ലീഷിലെ റോയൽ സൊസൈറ്റിയുടെ ഫെലോ ആയും ദേശീയ സമ്പത്ത് വിവിധ മേഖലകളിൽ ഫലപ്രദമായി

പങ്കുവെക്കുന്നതിനെ കുറിച്ച് ആശയങ്ങൾ അവതരിപ്പിച്ചു.

**B N പ്രസാദ്**

1899 -1966 കലയളവിൽ ജീവിച്ചു. ഇന്ത്യൻ മാത്തമാറ്റിക്കൽ ജേണൽ എന്ന പ്രസദ്ധീകരണം തുടങ്ങി. ഫോറിയർശ്രേണിയിൽ പത്മഭൂഷൻ. മീനാക്ഷി സുന്ദരം തൃശ്ശൂരിൽ 1913-1968 കാലയളവിൽ ജീവിച്ചു. ശ്രേണികളുടെ തുകയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യംടെയ്തു.
അപരിമേയ അഭിന്നകങ്ങൾ കണ്ടുപിടിച്ചതും കൈകാര്യം ചെയ്തതും പുരാതന ഭാരതീയഗണിതശാസ്ത്രജ്ഞരാണ്.സൂൽബ സൂത്രത്തിൽ കരണികളെകുറിച്ച് പ്രതിപാദ്യമുണ്ട്.

**_കാപ്രേക്കർ**

ഗണിത ശാസ്ത്രത്തിന് പല സംഭാവനകൾ നൽകിയ മഹത്വ്യക്തി. 1905- 1988 കാലയളവിൽ ജീവിച്ചു. ഇദ്ദേഹമാണ് ദത്താത്രേയ സംഖ്യകൾ കണ്ടെത്തിയത്. 6174 ആണ് കാപ്രേക്കർ സ്ഥിരസംഖ്യ.\

**ഭാസ്കരാചാര്യ**

ഗണിതശാസ്ത്രത്തിലെ ഒരു ആധികാരിക ഗ്രന്ഥമായ സിദ്ധാന്തശിരോമണി. 36-വയസ്സിൽ ലീലാവതി എഴുതി. ബീജഗണിതം, ഗ്രഹഗണിതം, ഗോളം, കരണകുരുഹലം തുടങ്ങിയവയാണ് മറ്റു കൃതികൾ. ഭാരതത്തിന്റെ യൂക്ലിഡ് എന്ന് അറിയപ്പെടുന്നു.

**J N കപൂർ**

THE FACINATING WORLD OF MATHEMATICS എന്ന പേരിൽ 27 ഭഗങ്ങളുള്ള ശാസ്ത്ര പുസ്തകം രചിച്ചു. മാത്തമാറ്റിക്കൽ മോഡലിംഗിൽ മഹത്തായ സംഭാവനകൾ നൽകി.

Maths club students

## പത്ര പാരായണം

കുട്ടികൾ അറിവു വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നവരാണ്. പാഠപുസ്തകം മാത്രം വായിക്കുന്നതുകൊണ്ട് വാദ്യാഭ്യാസം പൂർത്തിയാകുന്നില്ല. ോകത്തു നടക്കുന്ന സംഭവ വികാസങ്ങളെ കുറിച്ച് അറിഞ്ഞുകൊണ്ടിരിക്കണം. ഇന്ന് കുട്ടികൾ ആസശ്രയിക്കുന്നത് ഡിജിറ്റൽ ലോകത്തെമാത്രമാണ്. അതുമാത്രം പോര. പത്രവായന അനിവാര്യമാണ്.

ദിവസവും രാവിലെ തലേ ദിവസത്തെ വാർത്തകളുമായി ഒരു വിശിഷ്ടാഥിതിയെന്നപോലെ എത്തിച്ചേരുന്നു. വാർത്തകൾ വായിക്കാൻ കഴിയുന്നത് രസകരവും അതിലേറെ അത്ഭുതകരവുമായ ഒരനുഭവമാണ്. രാഷ്ട്രീയം, പ്രാദേശികം, സ്പോർട്സ് സാമ്പത്തികം തുടങ്ങി എല്ലാ മേഖലകളിലും ബന്ധപ്പെട്ട വാർത്തകൾ മാനസികവും സാംസ്കരികവുമായ വളർച്ചയ്ക്ക് അത്യാവശ്യമാണ്.

സമൂഹത്തിൽ നിലനിൽക്കുനന അഴിമതികളെ കുറിച്ചറിയാനും പത്രം സഹായിക്കുന്നു. മലയാളമനോരമ, മാതൃഭൂമി, ദേശാഭിമാനി ,ദീപിക, തുടങ്ങിയവയാണ് മലയാളത്തിലെ ദിനപത്രങ്ങൾ. മറ്റു മാധ്യമങ്ങായ ടിവി , റേഡിയോ , ഇന്റർനറ്റ് , മൊബൈൽ തുടങ്ങിയവ ഉണ്ടെങ്കിലും പത്രങ്ങളുടെ പ്രധാന്യം ഒട്ടും കുറഞ്ഞിട്ടില്ല.

Riya
9A

## ശാസ്ത്രം

നാം ഇന്ന് ശാസ്ത്രയുഗത്തിലാണ് ജീവിക്കുന്നത്. ശാസ്ത്രത്തിന്റെ വളർച്ച കയ്യെത്തിപ്പിടിക്കാത്ത മണ്ഡലങ്ങളില്ല. പുതിയ പുതിയ അറിവുകളും കണ്ടുപിടിത്തങ്ങളും പഴയതിനെ പിൻതള്ളുന്നു. ശാസ്ത്രം ശിക്ഷകനായും രക്ഷകനായും പൊന്തി വരുന്നു. ശാസ്ത്രം അറിവാണ്. അത് വെള്ച്ചമാണ്. അതിന്റെ പ്രകാശം ചെന്നെത്താത്ത ഇടമില്ല. പുതിയ കണ്ടെത്തലിനു വേണ്ടിയുള്ള മനുഷ്യന്റെ അവിരാമമായ യാത്ര പിന്നെയുംതുടരുന്നു.അവർ കണ്ടെത്തിയ ശാസ്ത്രസത്യങ്ങൾ എങ്ങ്നെ പ്രയോജനപ്പെടുത്തുന്നു എന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു.

മനുഷ്യന്റെ നൻമയക്കുവേണ്ടി ശാസ്ത്രത്തെ പ്രയോജനപ്പെടുത്താനും. മനുഷ്യരാശിയെ മുഴുവൻ നിമിഷനേരംകൊണ്ട് നശിപ്പിക്കാനും ഇതിനു കഴിയുന്നു.ശിലായുഗംമുതലേ മനുഷ്യർ ശാസ്ത്രത്തെ കണ്ടെ്ത്തിയിരുന്നു. അന്നത്തെ മനുഷ്യരൻ ആഹാരസമ്പാദനത്തിനും വന്യമൃഗങ്ങളിൽ നിന്നുരക്ഷ നേടുന്നതിനും കൂർത്ത കല്ലുകളും കുന്തങ്ങളും അമ്പുംവില്ലും ഒക്കെ ഉപയോഗിച്ചു.ആഹാരം തേടാൻ മാത്രമല്ല ശത്രുവിനെ നേരിടാനും ുപയോഗിച്ചു. ബുദ്ധിയുള്ള മനുഷ്യൻ പുതി പുിയ അറിവുകൾ തേടാൻ തുടങ്ങി. സാമ്രാജ്യം വെട്ടിപ്പിടിക്കുന്നതിനും ആധിപത്യം സ്ഥാപിക്കാനും ഇതിലൂടെ അവനു കഴിഞ്ഞു. കരിമരുന്നു പ്രയോഗം പോലുള്ള മനോഹരകാഴ്ചകൾക്കു ഉപയോഗിച്ചിരുന്ന വെടിമരുന്നിനെ മനുഷ്യരാശിയെ ഇല്ലാതാക്കാൻ ഉപയോഗിച്ചു. വെടിയുണ്ടകളുടെ ചീറിപ്പാച്ചിൽ പുതിയ പുതിയ കണ്ടുപിടിത്തങ്ങളിലേക്ക് മനുഷ്യനെ നയിച്ചു. കൃഷി, വിദ്യാഭ്യാസം, ആരോഗ്യം ,വാർത്താവിനിമയ മാർഗ്ഗങ്ങൾ, ഗതാഗതം എന്നു വേണ്ടാ ഏതു മേഖലയിലും ശാസ്ത്രത്തിന്റെ കണ്ടുപിടിത്തം നമുക്കു സങ്കല്പിക്കാൻ പറ്റാത്ത വിധത്തിൽ മാറിയിരിക്കുന്നു. സോഫിയയെപ്പോലുള്ള റോബോട്ടുകൾ കാലം കീഴടക്കുന്ന സാഹചര്ത്തിലേക്ക് നമ്മൾഎത്തപ്പെട്ടിരിക്കുന്നു.

Agrajamol B

9A

## വിദ്യഭ്യാസം

കാലാകാലഹ്ങ്ങളായി ഓരോ രാജ്യത്തും വിദ്യഭ്യാസ പരിഷ്കാരങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ആധുനിക ജീവിത സാഹചര്യത്തെ കണക്കിലെടുത്തുകൊണ്ട് വിദ്യഭ്യാസ വിഷയങ്ങൾ തൊഴിലധിഷ്ഠിതമാക്കിക്കൊണ്ടിരിക്കുന്നു. പണ്ട് കച്ചവടത്തിനു വന്ന ഇംഗ്ലീഷുകാർ അവരുടെ ഓഫീസുകളിൽ കണക്കപ്പിള്ളകളെ സൃഷ്ടിക്കാൻ വേണ്ടി നടപ്പിലാക്കിയതാണ് നമ്മുടെ വിദ്യാഭ്യാസ രിതി.

ഇന്ന് എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം നല്കിയിരിക്കുന്നു. ഓരോ വ്യക്തിയുടെയും ഉള്ളിലുള്ള കഴിവുകളെ സമ്പൂർണ്ണമാി വികസിപ്പിച്ചെടുക്കലാണ് വിദ്യാഭ്യാസം കൊണ്ട് നാം അർത്ഥമാക്കുന്നത്. ജീവിതത്തിന്റെ വിവിധ മേഖലകളിൽ കൃഷി, കച്ചവടം, ആരോഗ്യം, സാമ്പത്തികം, സാമൂഹ്യക്ഷേമം , ഭവന  നിർമ്മാണം, അദ്ധ്വാനിക്കുന്നവർ നന്നേ കുറവ്. ജനനന്മ ഒരു ലക്ഷ്യമേ അല്ല. തൊഴിലില്ലായമ വളരെ ശക്തിയിലാണ്. നമ്മുടെ നാട്ടിൽ എണ്ണമറ്റ ഡോക്ടർമാരെയും എഞ്ചിനീയർമാരെയും സൃഷ്ടിച്ചാൽ മാത്രം നമ്മുടെ നാട് നന്നാവാൻ പോകുന്നില്ല.

കേരളത്തിലെ വിദ്യഭ്യാസ അന്തരീക്ഷം ആകെ മാറിയിരിക്കുന്നു. വദ്യാഭ്യാസം ഇന്നൊരു ഝനകീയ പ്രവർത്തനമാണ്. സമൂഹം സദാ വിദ്യാഭ്യാസ പുരോഗതിക്കായി പ്രയത്നിക്കുന്നു. സ്കൂൾ പഠനത്തിനു ശേഷവും പഠനപ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളാണ് ഇന്ന്. അധ്യാപകരു.ടെയും രക്ഷിതാക്കളുടെയും പ്രാദേശിക ഭരണകൂടത്തിന്റേയും നിരന്തര ഇടപെടൽ എല്ലാ പുരോഗതിക്കും സഹാിക്കുന്നു. കലാകായിക രംഗങ്ങളിലുള്ള പുരോഗതി,ജ്ഞാനനിർമ്മിത പഠനം, ബുദ്ധിയുടെ ബഹുതലങ്ങള പരിഗണിച്ചുകൊണ്ടുള്ള പഠനം ഇവയൊക്കെ സാധ ്യമാക്കുന്നു. ക്ലാസുകൾ ഹൈടെക് ആക്കുന്നതോടുകൂടി കുട്ടികൾക്ക് വിരൽത്തുമ്പിൽ വിജ്ഞാനം സാധ്യമാകുന്നു.

Prasheeja
10A

## പൂമരം

പൂവേ പൂവേ കൊഴിയല്ലേ
പൂമ്പാറ്റകൾ പാറിനടക്കണ്ടേ
ഓരോ ഇലയും കൊഴിയല്ലേ
നല്ലൊരു വായു കിട്ടണ്ടേ
മരത്തിൻ ചില്ലകൾ പോകല്ലേ
കുഞ്ഞിക്കിളികൾ കൂടണ്ടേ
മരമേ നീ വീഴല്ലേ
കാറ്റും തണലും വേണമല്ലോ.

Fathima
6A

## വെള്ളം

കുടിക്കാൻ പോലും വെള്ളമില്ല
വറ്റിവരണ്ടു കിണറെല്ലാം
ആറുകൾ തോടുകൾ തരിശ്ശായി
കൃഷിയിടങ്ങൾ ഇല്ലാതായി
പച്ചക്കറികൾ പഴവർഗ്ഗങ്ങൾ
ഒന്നും തന്നെ കഴിക്കാനില്ല
മനുഷ്യാ നീ സൂക്ഷിച്ചോളൂ.

saranya
5A

## വെള്ളപ്പൊക്കം

പ്രളയത്തിൽ നിറഞ്ഞ നാട്
കൈകോർത്ത് നിന്ന് നാട്
കേരളത്തെ വിഴുങ്ങിയ പ്രളയം
കനത്തമഴ നാടിനെ ദുരിതത്തിലാക്കി

Vivek
5A

## കുത്തിവര




















I LOVE YOU
CR7



## കൗൺസിലിംഗ് ക്ലാസ്



## ലഹരി വിരുദ്ധ ക്ലബ്



## നന്ദി

**ഡിജിറ്റൽ ലോകത്തിലേക്ക് കുട്ടികളെ കൈ പിടിച്ചുയർത്താൻ ഉതകുന്ന ഡിജിറ്റൽ മാഗസിനായ സൃഷ്ടിക്ക വേണ്ടി പ്രവർത്തിച്ച ഹെഡ്മിസ്ട്രിന് അധ്യാപകർക്ക് കുട്ടികൾക്ക് ലിറ്റിൽകൈറ്റ്സിന്റെ നന്ദി..........................................**

# Action Plan

